(എ) പാലക്കാട് ജില്ലയിലും, ഇടുക്കി ജില്ലയിലും വ്യാജപട്ടയത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഭൂമി കൈയടക്കി വച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരളാ ഹൈക്കോടതിക്ക് സി.ബി.ഐ. റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാജപട്ടയങ്ങൾ റദ്ദാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി പാലക്കാട്/ ഇടുക്കി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈംബ്രാഞ്ചും അന്വേഷണം നടത്തുന്നുണ്ട്. വ്യാജപട്ടയമാണെന്ന് തെളിയുന്ന കേസ്സുകളിൽ പട്ടയം റദ്ദു ചെയ്തു വരികയാണ്.

തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം

69 (1628) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ; നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) തൃശൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് പട്ടയം കൊടുത്തിട്ടുണ്ട് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) മിച്ചഭൂമി, ജില്ലയിൽ എത്ര ഏക്കർ വിതരണം ചെയ്തു ; എത്ര പേർക്ക് മിച്ചഭൂമി നൽകിയിട്ടുണ്ട് ;

(ഡി) മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ ജില്ലയിൽപ്പെട്ട നിയോജകമണ്ഡലങ്ങളിലാകെ 1157 പുതിയ പട്ടയങ്ങൾ താഴെപറയും പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

കുന്നംകുളം നിയോജകമണ്ഡലം	80 എണ്ണം
ചേർപ്പ് നിയോജകമണ്ഡലം	25 ,,
ഒല്ലൂർ നിയോജകമണ്ഡലം	281 ,,
തൃശൂർ നിയോജകമണ്ഡലം	20 ,,

LIBRARY ARCHIVES Kerala Legislative Assembly

മണലൂർ നിയോജകമണ്ഡലം	01	എണ്ണം
കൊടുങ്ങല്ലൂർ നിയോജകമണ്ഡലം	30	,,
കൊടകര നിയോജകമണ്ഡലം	77	,,
മാള നിയോജകമണ്ഡലം	27	,,
ചാലക്കുടി നിയോജകമണ്ഡലം	53	,,
ഇരിങ്ങാലക്കുട നിയോജകമണ്ഡലം	19	,,
ചേലക്കര നിയോജകമണ്ഡലം	209	,,
വടക്കാഞ്ചേരി നിയോജകമണ്ഡലം	204	,,
ഗുരുവായൂർ നിയോജകമണ്ഡലം	130	,,
ആകെ	1157	,,

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശൂർ ജില്ലയിൽ നൽകിയ പട്ടയങ്ങളുടെ എണ്ണവും വിസ്തീർണ്ണവും താഴെ ചേർക്കുന്നു.

പുറംപോക്ക്	- 552 എണ്ണം	- 31.1976 ഹെക്ടർ
പുറംപോക്ക് മുനിസിപ്പൽ പ്രദേശം	- 13 ,,	- 0.2710 ,,
ലക്ഷം വീട്	- 1227 ,,	- 19.4207 ,,
നാല് സെന്റ്	- 2654 ,,	- 42.3602 ,,
മിച്ച ഭൂമി	- 1099 ,,	- 22.0977 ,,
വനഭൂമി (മലയോര കർഷകർ)	- 758 ,,	- 233.4625 ,,
ആകെ	6303 എണ്ണം	348.8097 ,,

(സി) ജില്ലയിൽ ആകെ 3176.51.304 ഏക്കർ മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 21,422 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.

(ഡി) മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിനായി തൃശൂർ ജില്ലയിൽ രണ്ടു സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു വഴി 233,46.25 ഹെക്ടർ വനഭൂമി 758 കൈവശക്കാർക്കായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 2492.9252 ഹെക്ടറോളം വനഭൂമി വിതരണത്തിനായി അടിയന്തിര നടപടികൾ തുടർന്നു വരുന്നു.

പട്ടയ വിതരണത്തിലെ ക്രമക്കേടുകൾ

70 (1629) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിലെ പട്ടയ വിതരണത്തിൽ വൻ ക്രമക്കേടുകൾ നടന്നതായി ആരോപണം ഉയർന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly